## പത്രക്കുറിപ്പ്

ഓണാഘോഷത്തോടനുബന്ധിച്ച് **03.09.2017** മുതൽ **08.09.2017** വരെ തിരുവനന്തപുരം നഗരത്തിൽ താഴെ പറയുന്ന ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

വൈകുന്നേരം 6.00 മണി മുതൽ രാത്രി 9.30 വരെ വെള്ളയമ്പലം ജംഗ്ഷൻ മുതൽ കോർപ്പറേഷൻ ഓഫീസ് വരെ വാഹന ഗതാഗതം അനുവദിക്കുന്നതല്ല.

വെള്ളയമ്പലം ഭാഗത്തു നിന്നും തമ്പാനൂർ /കിഴക്കേകോട്ട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വഴുതക്കാട്, സാനഡു, പനവിള വഴിയും, തമ്പാനൂർ/കിഴക്കേകോട്ട ഭാഗത്തു നിന്നും പേരൂർക്കട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ആർ.ആർ ലാമ്പ്, നന്തൻകോട്, കവടിയാർ വഴിയും പോകേണ്ടതാണ്.

ഓണാഘോഷത്തോടനുബന്ധിച്ച് വാഹന പാർക്കിംഗ് സൗകര്യം അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

യൂണിവേഴ്സിറ്റി ഓഫീസ് കോമ്പൗണ്ട്, യൂണിവേഴ്സിറ്റി കോളേജ് കോമ്പൗണ്ട്, സംസ്കൃത കോളേജ് കോമ്പൗണ്ട്, വിമൻസ് കോളേജ് കോമ്പൗണ്ട്, പൂജപ്പുര എൽ.ബി.എസ് കോമ്പൗണ്ട് , ടാഗോർ തിയേറ്റർ കോമ്പൗണ്ട്, വാട്ടർ അതോറിറ്റി കോമ്പൗണ്ട് (ഇൻഡോർ സ്റ്റേഡിയം മുതൽ - പഞ്ചായത്ത് ഹാൾ വരെയും, ഒബ്സർവറ്ററിയിലേയ്ക്ക് പോകുന്ന വഴിയുടെ ഒരു വശവും) സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ കോമ്പൗണ്ട്, തൈക്കാട് പോലീസ് ഗ്രൗണ്ട്, ഗവൺമെൻറ് ആർട്ട്സ് കോളേജ് കോമ്പൗണ്ട്, സംഗീത കോളേജ് കോമ്പൗണ്ട്, എസ്. എം. വി. സ്കൂൾ കോമ്പൗണ്ട്, അട്ടകുളങ്ങര സെൻട്രൽ സ്കൂൾ കോമ്പൗണ്ട്, ഫോർട്ട് ഹൈസ്കൂൾ കോമ്പൗണ്ട്, പേട്ട ഗേൾസ് ഹൈസ്ക്കൂൾ ്പാർക്കിംഗ് ഗ്രൗണ്ട്, പേട്ട ബോയസ് സ്ക്കൂൾ പാർക്കിംഗ് ഗ്രൗണ്ട്, സാൽവേഷൻ ആർമി സ്ക്കൂൾ കവടിയാർ എന്നിവിടങ്ങളിൽ മറ്റു വാഹനങ്ങൾക്ക് തടസ്സമില്ലാതെ ക്രമപ്രകാരം വാഹനം പാർക്ക് ചെയ്ത ശേഷം ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

ആർ.ആർ ലാമ്പ് - വെള്ളയമ്പലം റോഡ്, വി.ജെ.റ്റി-ആശാൻ സ്ക്വയർ റോഡ്, ജി.വി രാജ-ആർ.ആർ ലാമ്പ് റോഡ്, റ്റി.റ്റി.സി-നന്തൻകോട് റോഡ്, വെള്ളയമ്പലം-ആൽത്തറ റോഡ്, കോർപ്പറേഷൻ ഓഫീസ്-നന്തൻകോട് റോഡ് എന്നിവിടങ്ങളിൽ ഗതാഗതക്രമീകരണങ്ങൾ ഉള്ളതിനാൽ ഒരു കാരണവശാലും ടി റോഡുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ പാടുള്ളതല്ല. വാഹനം പാർക്കു ചെയ്തശേഷം ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കുവാൻ പോകുന്ന അവസരത്തിൽ വാഹനത്തിൽ ഫോൺ നമ്പർ വ്യക്തമായി എഴുതി പ്രദർശിപ്പിക്കേണ്ടതുമാണ്.

ഓണാഘോഷത്തോടനുബന്ധിച്ചുള്ള തിരുവനന്തപുരം സിറ്റി പോലീസിൻെറ മേൽപറഞ്ഞ ഗതാഗതക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

Phone Numbers: 0471-2558731, 2558732
9497990006
9497990005
9497987001
9497987002

പോലീസ് അസിസ്റ്റൻറ് കമ്മീഷണർ,
ട്രാഫിക് നോർത്ത് സബ്ബ് ഡിവിഷൻ,
തിരുവനന്തപുരം സിറ്റി.